# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4302 17.05.2017-ൽ മറുപടിയ്ക്ക്

**സ്റ്റേഷനറി വകുപ്പ് മുഖേന വിതരണം നടത്തുന്ന വസ്തുക്കളുടെ ഗുണനിലവാരം**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.എം.സ്വരാജ്** | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) | സ്റ്റേഷനറി വകുപ്പ് മുഖേന വിതരണം നടത്തുന്ന വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് അറിയിക്കാമോ; | സ്റ്റേഷനറി വകുപ്പ് വിതരണം ചെയ്യുന്ന പേപ്പർ ഇനങ്ങൾ വാങ്ങുന്നത്, വകുപ്പിന്റെ പേപ്പർ ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയശേഷം മാത്രമാണ്. കൂടാതെ , കൂടുതൽ കൃത്യത വേണ്ടിവരുന്ന സാഹചര്യങ്ങളിൽ കോട്ടയത്തുള്ള ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ലാബിൽ അയച്ചും പേപ്പറിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. പൂർണ്ണമായും ഇ- ടെണ്ടർ മുഖേനയാണ് സാമഗ്രികൾ വാങ്ങുന്നതെന്നതിനാൽ മത്സര സ്വഭാവമുള്ള കൂടുതൽ ടെണ്ടറുകൾ ലഭിക്കാൻ സാഹചര്യമുണ്ടാകുകയും ഗുണമേന്മയുള്ളവ തെരെഞ്ഞെടുക്കാൻ സാധിക്കുകയും ചെയ്യുന്നു. പേപ്പർ ഒഴികെയുള്ള മറ്റ് ഓഫീസ് സ്റ്റേഷനറി സാമഗ്രികളുടേയും സാമ്പിളുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയാണ് തെരെഞ്ഞെടുക്കുന്നത്. |
| (ബി) | ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കൂടുതൽ നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ? | IS നിലവാരമുള്ള സാധനങ്ങൾ, പ്രമുഖ ബ്രാൻഡുകളുടെ ഉൽപ്പന്നങ്ങൾ എന്നിവ മാത്രം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ വിതരണം ചെയ്തുവരുന്ന പല ഇനങ്ങളും ഒഴിവാക്കി കാലോചിതമായ മാറ്റങ്ങൾ വരുത്തി വിപണിയിലെ പുതിയ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ